കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൾട്ടിപർപ്പസ് – കൾച്ചറൽ കോംപ്ലക്സ് – വൈലോപ്പിള്ളി സംസ്കൃതി ഭവൻ

# ഓഡിറ്റ് റിപ്പോർട്ട് 2017-18


ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.I/1697/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 07.03.2020

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

മെമ്പർ സെക്രട്ടറി,

വൈലോപ്പിള്ളി സംസ്കൃതി ഭവൻ.

സർ,

വിഷയം : മൾട്ടി പർപ്പസ് - കൾച്ചറൽ കോംപ്ലക്സ് - വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

മൾട്ടി പർപ്പസ് - കൾച്ചറൽ കോംപ്ലക്സ് - വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്:</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. ഗവ. സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉ.പ.സ.)
3. ഓഫീസ് കോപ്പി

നം.കെ.എസ്.എ.റ്റി.വി.എംമിസ്.1/1697/2019 തീയതി: 07.03.2020

<u>മൾട്ടിപർപ്പസ് കൾച്ചറൽ കോംപ്ലക്സ്- വൈലോപ്പിള്ളി സംസ്കൃതി ഭവൻ - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.</u>

( 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 5 പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.08.2019മുതൽ 17.08.2019വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. രാജേഷ് എം.ജി. സീനിയർ ഗ്രേഡ് ഓഡിറ്റർ

2. ശ്രീമതി അസീന.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

3. ശ്രീ രാജു.എസ്, ഓഡിറ്റർ

4. ശ്രീ. വിനോദ്.ആർ ,ഓഡിറ്റർ

<u>നിർവഹണാധികാരികൾ</u>

സെക്രട്ടറി - ശ്രീമതി എം.ആർ.ജയഗീത

(01.04.2017 മുതൽ 31.03.2018 വരെ)

## ഭാഗം -1

## പൊതു അവലോകനം

### 1-1 ആമുഖം

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടും അംഗീകാരത്തോടും കൂടി 08.01.1998 ലെ സ.ഉ.(എം.എസ്)നം. 3/98/സി.എ.ഡി പ്രകാരം ആരംഭിച്ച വൈലോപ്പിള്ളി സംസ്കൃതി ഭവൻ 1955 ലെ 12-ാം തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്റർ ആക്റ്റ് പ്രകാരം റ്റി. 87/1998-ാം നമ്പരായി, 1998 ജനുവരി 12ന് പ്രവർത്തനമാരംഭിച്ചു. നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന ഇന്ത്യയുടെയും അതിന്റെ ഭാഗമായ കേരളത്തിന്റെയും സാംസ്കാരിക ഉണർവിനെ ഉത്തേജിപ്പിക്കുകയും പരിപോഷിപ്പിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

പ്രതിമാസ സാംസ്കാരിക പരിപാടിയായ സംസ്കൃതി, മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ ഉണർവ്, വൈലോപ്പിള്ളി അനുസ്മരണം, കുട്ടികളുടെ അവധിക്കാല ക്യാമ്പ് (മാമ്പഴക്കാലം), ശില്പകലയും കവിതയും സമന്വയിക്കുന്ന പുതുതലമുറയിലെ കലാരൂപമായ പൊയടി ഇൻസ്റ്റലേഷൻ, വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ ഉൾപ്പെടുത്തിയ ഇന്ത്യൻ ഗ്രാമോത്സവം, ഓണാഘോഷത്തിന്റെ ഭാഗമായി മാവേലി മലയാളം,

താളമഹോത്സവം, കേരള-ഡൽഹി സാംസ്കാരിക പൈതൃകോത്സവം, വിവേകാനന്ദ സ്പർശം എന്നീ വിവിധ പരിപാടികൾ വൈലോപ്പിള്ളി സംസ്കൃതി ഭവൻ 2017-18 ൽ സംഘടിപ്പിച്ചു.

## 1-2 ആഭ്യന്തര നിയന്ത്രണം

വരവ് തുകകളുടെ യഥാസമയമുള്ള ഒടുക്ക് സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ ഈ സാമ്പത്തിക വർഷത്തിലും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. രസീതു മുഖേന സ്വീകരിക്കുന്ന കളക്ഷൻ തുക അതത് ദിവസം / തൊട്ടടുത്ത പ്രവൃത്തി ദിവസം ട്രഷറി /ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് പകരം തിരികെ നല്കേണ്ടതായ തുകകൾ നല്കുന്നതിലേക്കായി പണം കൈവശം വച്ച് ചെലവഴിക്കുകയും ദിവസങ്ങൾക്കു ശേഷം ഈ തുക ട്രഷറി /ബാങ്കിൽ ഒടുക്ക് വരുത്തുകയും ചെയ്യുന്നു. ഇത് സ്ഥാപനത്തിന്റെ സാമ്പത്തിക സുതാര്യതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## 1-3 ബജറ്റ്

71.50 ലക്ഷം രൂപയുടെ പദ്ധതി (plan) നിർദ്ദേശവും 88ലക്ഷം രൂപയുടെ പദ്ധതിയേതര (non-plan) നിർദ്ദേശവും ചേർത്ത് ആകെ 159.50 ലക്ഷം രൂപയുടെ ബജറ്റ് പ്രൊപ്പോസൽ 16.12.2016 ന് (എംപിസിഎസ്/868/ അക്കൗണ്ട്സ്-1/2016-17) സർക്കാരിന് സമർപ്പിച്ചു. 25.8.2017 ന് കൂടിയ ഭരണസമിതിയുടെ യോഗത്തിൽ ഇനം 2 തീരുമാനപ്രകാരം 2017-18 ലെ ബജറ്റ് അംഗീകരിച്ചു.

## 1-4 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ സ്ഥാപനത്തിനുള്ള 67368707253 -ാം നമ്പർ അക്കൗണ്ടിലെ 01.04.2017, 31.03.2018 തീയതികളിലെ നീക്കിയിരുപ്പ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാക്രമം 3741.90 രൂപയും 460.40 രൂപയുമാണ്. എന്നാൽ സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കിയ വരവ്-ചെലവ് കണക്കുകൾ പ്രകാരം പ്രസ്തുത തുകകൾ യഥാക്രമം 5,000/- രൂപയും 3741.90 രൂപയുമാണ്. പ്രസ്തുത അപാകതയ്ക്ക് സ്ഥാപനം നൽകിയ വിശദീകരണത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

01.4.2013 ന് ശേഷം സ്ഥിരം നിയമനം ലഭിച്ച 5 ജീവനക്കാർക്ക് നാഷനൽ പെൻഷൻ പദ്ധതി ആരംഭിക്കുന്നതിനായി 5,000/- രൂപ പ്രാരംഭ നിക്ഷേപം നൽകി തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും നടത്താത്തതിനാൽ 2016-17 സാമ്പത്തികവർഷം 1258.10 രൂപ ബാങ്ക് കുറവ് ചെയ്തിരുന്നു. എന്നാൽ ജീവനക്കാരുടെ പെൻഷൻ പദ്ധതിയ്ക്കായി ആരംഭിച്ച ഈ അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കുവാൻ പാടില്ലാത്ത വിവരം ബാങ്കിനെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക തിരികെ അക്കൗണ്ടിൽ ലഭ്യമാക്കി. 2017-18 ൽ ഇതേ കാരണത്താൽ ബാങ്ക് ചാർജ് ഈടാക്കിയതിനാൽ 31.03.2018 ലെ നീക്കിയിരുപ്പ് 460.40 രൂപയായി കുറഞ്ഞിട്ടുണ്ട്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ വരവ്-ചെലവ് കണക്കുകളിൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകകളിൽ വ്യത്യാസമുണ്ടായതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. തെറ്റായി ഈടാക്കിയ 3281.50 (2017-18 ലെ ബാങ്ക് ചാർജ്) തിരികെ ലഭ്യമാക്കുന്നതിനും വാർഷിക കണക്കുകളിലെ പൊരുത്തക്കേട് മാറ്റുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-5 ജീവനക്കാർക്ക് വേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ല.

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നിലവിൽ സെക്രട്ടറിയെ കൂടാതെ 8 സ്ഥിരം ജീവനക്കാരും 5 താൽക്കാലിക ജീവനക്കാരും ഉണ്ട്. എന്നാൽ ജീവനക്കാർക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ആയത്കൊണ്ട് തന്നെ 2013 ഏപ്രിലിന് ശേഷം

സ്ഥിരപ്പെട്ടത്തിയ ജീവനക്കാരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, മേൽ ജീവനക്കാർ പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നാണ് മറുപടി ലഭിച്ചത്. സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ജീവനക്കാരെ അർഹമായ പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്റ്റോക്ക് രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിലകൂടിയതും അല്ലാത്തതുമായ എല്ലാ സ്റ്റോറുകളും ആസ്തികളും, ആസ്തി രജിസ്റ്റർ എന്ന പേരിൽ ഒരൊറ്റ രജിസ്റ്ററിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, വർഷത്തിലൊരിക്കൽ സ്റ്റോറുകളുടേയും ആസ്തികളുടേയും ഭൗതിക പരിശോധന നടത്തിയായി കാണുന്നില്ല.

കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 149, 150, 153 അനുസരിച്ച് ഓഫീസ് തലവനോ ചുമതലപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സ്റ്റോറുകൾ ഭദ്രമായി സൂക്ഷിക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ടുകൾ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. വിലകുറഞ്ഞ വസ്തുക്കൾ, ഓഫീസ് ഫർണീച്ചറുകൾ, കംപ്യൂട്ടർ ഹാർഡ് വെയർ & സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. നശിച്ചുപോകാൻ സാധ്യതയുള്ള വസ്തുക്കളുടെ സ്റ്റോക്ക് ആറു മാസം കൂടുമ്പോഴും മറ്റുള്ളവ വർഷത്തിൽ ഒരിക്കലെങ്കിലും സെക്രട്ടറി പരിശോധിക്കേണ്ടതും പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 സ്ഥാപനത്തിന്റെ സാമ്പത്തിക സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്

രസീതു മുഖേന സ്വീകരിക്കുന്ന കളക്ഷൻ തുക ആ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ട്രഷറി / ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് പകരം തിരികെ നല്കേണ്ടതായ തുകകൾ (വിവിധ വേദികൾ വാടകയ്ക്കു നല്കുമ്പോൾ സ്വീകരിക്കുന്ന അഡ്വാൻസ്, കോഷൻ ഡെപ്പോസിറ്റ് മുതലായവ) തിരികെ നല്കുന്നതിലേക്കായി പണം കൈവശം വച്ച് ചെലവഴിക്കുകയും ദിവസങ്ങൾക്കു ശേഷം ഈ തുക ട്രഷറി /ബാങ്കിൽ ഒടുക്ക് വരുത്തുകയും ചെയ്യുന്നു.

തിരികെ നല്കേണ്ടതായ തുകകൾ (വിവിധ വേദികൾ വാടകയ്ക്കു നല്കുമ്പോൾ സ്വീകരിക്കുന്ന അഡ്വാൻസ്, കോഷൻ ഡെപ്പോസിറ്റ് മുതലായവ) നിക്ഷേപിക്കുന്നതിലേക്കായി ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്ന് മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റിയുടെ ചട്ടങ്ങളിൽ പറഞ്ഞിട്ടുണ്ടെങ്കിലും അപ്രകാരം പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഈ ആവശ്യത്തിലേക്കായി ഒരു പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

### 2-3 പണം ഒടുക്കലിലെയും പിൻവലിക്കലിലെയും അപാകതകൾ.

പ്രത്യേകിച്ച് ആവശ്യങ്ങളില്ലാതെ ട്രഷറിയിൽ നിന്നും തുകകൾ പിൻവലിക്കുകയും ഈ തുകകൾ മറ്റു ചെലവുകൾക്ക് വിനിയോഗിക്കാതെ അതത് ദിവസം തന്നെ രസീത് മുഖേന ലഭിക്കുന്ന കളക്ഷൻ തുകയായി കാണിച്ച് ട്രഷറി യിൽ ഒടുക്കുകയും ചെയ്യുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | പിൻവലിച്ച തുക | രസീത് മുഖേന ലഭിക്കുന്ന കളക്ഷൻ തുകയായി കാണിച്ച് ട്രഷറിയിൽ അടച്ച തുക /തീയതി |
|---|---|---|---|
| 808992 | 23.09.2017 | 1,40,000/- | 143500 / 23.09.2017 |
| 4637541 | 23.11.2017 | 3,24,673/- | 324673 / 23.11.2017 |

ട്രഷറിയിൽ നിന്നും പ്രത്യേക കാരണം കൂടാതെ തുക പിൻവലിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 2-4 ഗ്രാന്റ് ലഭ്യമായതിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | ധനസഹായം അനുവദിച്ച ഉത്തരവ് നം. | തുക (രൂപ) |
|---|---|---|
| 1 | സ.ഉ (സാധാ) നം.511/17/സാം.കാ.വ തീയതി 19.08.2017 | 23,14,274/- (പ്ലാൻ ഫണ്ട്) |
| 2 | സ.ഉ (സാധാ) നം.138/18/സാം.കാ.വ തീയതി 12.03.2018 | 18,75,000/-(പ്ലാൻ ഫണ്ട്) |
| 3 | സ.ഉ (സാധാ) നം.331/17/സാം.കാ.വ തീയതി 09.05.2017 | 30,00,000/- (നോൺ പ്ലാൻ ഫണ്ട്) |
| 4 | സ.ഉ (സാധാ) നം.596/17/സാം.കാ.വ തീയതി 12.10.2017 | 27,50,000/-(നോൺ പ്ലാൻ ഫണ്ട്) |
| 5 | സ.ഉ (സാധാ) നം.210/18/സാം.കാ.വ തീയതി 23.03.2018 | 27,50,000/-(നോൺ പ്ലാൻ ഫണ്ട്) |

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാമ്പഴക്കാലം-കുട്ടികളുടെ അവധിക്കാലക്യാമ്പ് - ചെലവ് വിവരങ്ങൾ ലഭ്യമല്ല.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ നേതൃത്വത്തിൽ 2017 മേയ് 15 മുതൽ 19 വരെ ഫോക് ലോർ അക്കാഡമിയുമായി സഹകരിച്ച് കുട്ടികളുടെ അവധിക്കാല കൂട്ടായ്മയായ മാമ്പഴക്കാലം എന്ന പരിപാടി കണ്ണൂരിൽ വച്ച് നടത്തി. ഇതിൽ വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ വിഹിതമായി 1,00,000/- രൂപ ഫോക് ലോർ അക്കാഡമിയ്ക്ക് നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരിപാടിയുടെ ചെലവ് വിവരങ്ങളോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ 2വർഷം കഴിഞ്ഞിട്ടും ഫോക് ലോർ അക്കാഡമി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള സത്വര നടപടി കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 ചിലങ്ക ഫെസ്റ്റ് 2017 – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല - 1,05,752 രൂപ തടസ്സപ്പെടുത്തുന്നു.

2017 ഫെബ്രുവരി മാസം 8 മുതൽ 12 വരെ സ്ഥാപനം സംഘടിപ്പിച്ച നൃത്തപരിപാടിയായ 'ചിലങ്ക ഫെസ്റ്റ് 2017 ൽ പങ്കെടുത്ത കലാകാരന്മാർക്കും അവരെ അനുഗമിച്ചവർക്കും അപ്പോളോ ഡിമോറ ഹോട്ടലിൽ താമസസൗകര്യമൊരുക്കിയതിന് 1,05,752/- രൂപ ചെലവായിട്ടുണ്ട്. [വൗച്ചർ നം.169/എ12/17-18 തീയതി 05.06.2017, ചെക്ക് നം.797264 25.05.2017]. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

കലാകാരന്മാരുമായി സ്ഥാപനം ചമച്ച കരാറിലെ (ഇംഗ്ലീഷ്) താമസസൗകര്യവുമായി ബന്ധപ്പെട്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

“02..........Air conditioned room for the Main artist and non-a/c rooms for the accompanies and vegetarian food will be provided by the First Party. Accomodation will be provided for 3 days (One day before and one day after the programme.)

03. The Second Party should have to inform the First party the details of the performance and the accompanying members and their journey details before two weeks in advance.”

മലയാളത്തിൽ ചമച്ച കരാറിൽ താമസസൗകര്യം അനുവദിക്കുന്നത് സംബന്ധിച്ച നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കരാറിലെ 06-ാം നിബന്ധനയായി, നൃത്താവതരണത്തിന്റെ ഇനങ്ങളും വിശദാംശങ്ങളും പക്കമേളക്കാരുടെ പേരുവിവരങ്ങൾ, യാത്രാവിവരങ്ങൾ എന്നിവ രണ്ടാം കക്ഷി ഒന്നാം കക്ഷിയെ 15 ദിവസങ്ങൾക്കു മുൻപ് അറിയിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ചിലങ്ക ഫെസ്റ്റ് 2017 ൽ പങ്കെടുത്ത കലാകാരന്മാർക്കു താമസസൗകര്യം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട ചെലവുകൾ പരിശോധിക്കുന്നതിനു വേണ്ടി സ്ഥാപനവും കലാകാരന്മാരുമായി ചമച്ച കരാറിൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 2 മുഖേന ലഭ്യമാക്കാൻ നിർദ്ദേശിച്ചുവെങ്കിലും 'പ്രസ്തുത ഫെസ്റ്റിൽ പങ്കെടുത്തിട്ടുള്ള സോളോ, ഡ്യുറ്റ് കലാകാരന്മാർ എല്ലാ പേരും തന്നെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട് 'എന്നു മറുപടി ലഭ്യമാക്കിയതല്ലാതെ പ്രസ്തുത വിവരങ്ങൾ (accompanying members/ പക്കമേളക്കാരുടെ പേരുവിവരങ്ങൾ, യാത്രാവിവരങ്ങൾ) പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ ഈയിനത്തിൽ ചെലവാക്കിയ 1,05,752/- രൂപ തടസ്സപ്പെടുത്തുന്നു.
വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 19,48,610.80* |
| വരവ് | 1,54,06478.80 |
| ആകെ | 1,73,55,088.80 |
| ചെലവ് | 1,29,45,952.60 |
| നീക്കിയിരിപ്പ് | 44,09,136.20 |

*2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പ് 1946719.90 എന്ന് രേഖപ്പെടുത്തിയിരുന്നു. ‘Cash at Bank -2’ 5,000/-രൂപ എന്നതിനു പകരം 3,741.90/-രൂപ എന്നും ‘Cash at Bank -1’935815.30 എന്നതിനു പകരം 935183 എന്നും തെറ്റായി രേഖപ്പെടുത്തിയതിലുള്ള വ്യത്യാസം 2018-19ലെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പൊരുത്തപ്പെടുത്തൽ - ട്രഷറി

| | |
|---|---|
| ട്രഷറി പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 41,61,981.00 |
| (കൂട്ടുക) പണമാകാത്ത ചെക്കുകൾ | 2,800.00 |
| (കൂട്ടുക) പാസ് ബുക്കിൽ കുറവായി രേഖപ്പെടുത്തിയ തുക | 1000.00 |
| ക്യാഷ് ബുക്ക് പ്രകാരമുള്ള തുക | 41,65,781.00 |

പൊരുത്തപ്പെടുത്തൽ - ബാങ്ക് 1 (അക്കൗണ്ട് നം. 57027182136)

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 2,21,422.30 |
| (കുറയ്ക്കുക) ബാങ്ക് ചാർജസ് | 229.18 |
| (കൂട്ടുക) പണമാകാത്ത ചെക്കുകൾ | 9970.00 |
| (കൂട്ടുക) പാസ് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയ തുക | 73.00 |
| ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള തുക | 2,31,236.12 |

പൊരുത്തപ്പെടുത്തൽ - ബാങ്ക് 2 (അക്കൗണ്ട് നം. 67368707253)

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 3,741.90 |
| (കുറയ്ക്കുക) ബാങ്ക് ചാർജസ് | 3,281.50 |
| ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള തുക | 460.40 |

## 4-2 ഓഡിറ്റ് ചാർജ്

2017-18 കാലയളവിലെ ഓഡിറ്റ് ചാർജ് ചുവടെ ചേർക്കും വിധം കണക്കാക്കിയിരിക്കുന്നു

| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിന് പരിഗണിച്ച വരവിനങ്ങൾ | തുക (രൂപ) |
|---|---|
| വാടക വരവ് | 13,48,838.00 |
| ലൈബ്രറി അംഗത്വ ഫീസ് | 3,310.00 |
| മിസലേനിയസ് വരവ് | 16,770.00 |
| പച്ചക്കറി വിൽപന വരവ് | 12,815.00 |
| ഉണർവ് സംഭാവന | 26,800.00 |
| മാമ്പഴക്കാലം 2017 രജിസ്ട്രേഷൻ ഫീ | 44,800.00 |
| ആകെ | 14,53,333.00 |
| ഓഡിറ്റ് ചാർജ് (14,53,333 ന്റെ 1 %) | 14,533.00 |

| | |
|---|---|
| 31-03-2017 വരെയുള്ള ഓഡിറ്റ് ചാർജ്ജ് | 1,72,446.00 |
| 2017-18 വർഷത്തെ ഓഡിറ്റ് ചാർജ്ജ് | 14,533.00 |
| ആകെ | 1,86,979.00 |
| 2017-18 വർഷം ഒടുക്കിയത് | 1,58,239.00 |
| 31-03-2018 ൽ ഒടുക്കാൻ ബാക്കിയുള്ളത് | 28,740.00 |

ഓഡിറ്റ് ചാർജിനത്തിൽ അടയ്ക്കേണ്ട 28,740/- രൂപ 0070-60-110-99 ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ ഒടുക്കു വരുത്തി അസൽ ചെലാൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതും വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്.

## 4-3 അനുബന്ധപത്രികകൾ

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1ആയും വരവ് - ചെലവ് പത്രിക അനുബന്ധം 2 ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങളുടെയും അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിന് സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം അതിന്റെ എല്ലാ നിബന്ധനകൾക്കും അനുസൃതമായി വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് പത്രിക

വരവ് ചെലവ് പത്രിക (രസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് 31-03-2018 ൽ അവസാനിക്കുന്നത്)

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ്<br>ക്യാഷ് ഇൻ ഹാൻഡ് | 29783.00 | ശമ്പളം,വേതനം | 5010020.00 |
| | | പ്രിന്റിംഗ്, സ്റ്റേഷനറി | 52571.00 |
| ക്യാഷ്@ട്രഷറി | 967686.00 | ഓഫീസ് ചെലവ് | 23475.00 |
| ക്യാഷ്@ബാങ്ക് 1 (*1) | 935815.80 | സംസ്കൃതി ചെലവ് | 1946070.00 |
| ക്യാഷ് @ബാങ്ക് 2 (*2) | 5000.00 | ടാക്സി ചാർജ്ജ് | 375133.00 |
| സസ്പെൻസ് എമൗണ്ട് | 10326.00 | പോസ്റ്റേജ് | 6571.00 |
| വാടക | 1348838.00 | ടെലഫോൺ | 17458.00 |
| ബാറ്റ കളക്ഷൻ (അഡ്വാൻസ് ഫ്രം പാർട്ടി) | 38250.00 | ഇലക്ട്രിസിറ്റി | 188078.00 |
| | | പത്രം/ ആനുകാലികങ്ങൾ | 39610.00 |
| ക്ലീനിംഗ് ചാർജ്ജസ് (അഡ്വാൻസ് ഫ്രം പാർട്ടി) | 86100.00 | വാട്ടർ ചാർജ്ജസ് | 73996.00 |
| | | ബാറ്റ | 9500.00 |
| ലക്ഷ്വറി ടാക്സ് കളക്ഷൻ (അഡ്വാൻസ് ഫ്രം പാർട്ടി) | 35510.00 | ലക്ഷ്വറി ടാക്സ് | 44685.00 |
| സർവ്വീസ് ടാക്സ് കളക്ഷൻ (അഡ്വാൻസ് ഫ്രം പാർട്ടി) | 54560.00 | സർവ്വീസ് ടാക്സ് റെമിറ്റൻസ് | 68798.00 |
| കോഷൻ ഡെപ്പോസിറ്റ് | 238000.00 | കോഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 188500.00 |
| ഡീസൽ ചാർജ് (ചെലവ് വന്നത് പാർട്ടിയിൽ നിന്നും ഈടാക്കിയത്) | 34768.00 | റ്റി.എ/സിറ്റിംഗ് ഫീ | 12540.00 |
| ഡീസൽ അഡ്വാൻസ് കളക്ഷൻ (പാർട്ടി അഡ്വാൻസ് ആയി നൽകിയത്) | 81017.00 | വാഷിംഗ് ചാർജ്ജസ് | 11017.00 |
| റ്റി.ഡി.എസ് കളക്ഷൻ | 153551.00 | ഡീസൽ ചാർജ്ജ് | 26323.00 |
| വാട്ടർ ചാർജസ് (റീഫണ്ട് ഫ്രം കെ.സി.എച്ച്.ആർ, ലളിതകലാ അക്കാഡമി) | 9714.00 | ഡീസൽ അഡ്വാൻസ് റീഫണ്ട് | 74987.00 |
| | | റിപ്പയർ/ മെയിന്റൻസ് | 80152.00 |
| ലൈബ്രറി മെമ്പർഷിപ്പ് | 3310.00 | മൊബൈൽ ഫോൺ ചാർജസ് | 1306.00 |
| മിസലേനിയസ് | 16670.00 | നാടകക്കളരി | 15000.00 |
| ഇലക്ട്രിസിറ്റി ചാർജ്ജസ് (റീഫണ്ട് ഫ്രം ലളിതകലാ അക്കാഡമി) | 27326.00 | താളമഹോത്സവം | 190572.00 |
| സെയിൽ ഓഫ് വെജിറ്റബിൾസ് | 12815.00 | ധ്വനി | 641198.00 |
| ഉണർവ്വ്-സംഭാവന | 26800.00 | പോയട്രി ഇൻസ്റ്റലേഷൻ | 774286.00 |
| മാമ്പഴക്കാലം- രജിസ്ട്രേഷൻ | 44800.00 | ചിലങ്ക ഫെസ്റ്റ് | 105752.00 |
| ഗ്രാന്റ്-നോൺ പ്ലാൻ | 8500000.00 | ഇ.എം.ഡി റീഫണ്ട് | 1000.00 |
| ഗ്രാന്റ് -പ്ലാൻ | 4189274.00 | ഗാർഡൻ മെയിന്റനൻസ് | 793.00 |

| | | | |
|---|---|---|---|
| ജി.എസ്.റ്റി കളക്ഷൻ | 199713.00 | ഇലക്ട്രിക് ഉപകരണങ്ങൾ | 10685.00 |
| ടാക്സ് ഓൺ സെയിൽ ഓഫ് ഓൾഡ് ന്യൂസ് പേപ്പർ | 912.00 | റ്റി.എ (സ്റ്റാഫ്) | 1902.00 |
| | | ഓണം അഡ്വാൻസ് | 45000.00 |
| | | മാവേലി മലയാളം | 1826057.00 |
| അമിനിറ്റി ചാർജസ് | 1600.00 | ഫോട്ടോ ചാർജസ് | 17970.00 |
| ഓണം അഡ്വാൻസ് (റീഫണ്ട് ഫ്രം സ്റ്റാഫ്) | 45000.00 | റ്റി.എ അഡ്വാൻസ് | 5000.00 |
| | | ഇലക്ട്രോണിക് ഉപകരണങ്ങൾ | 5250.00 |
| | | സാലറി ഡിഡക്ഷൻസ് | 250227.00 |
| റോയൽറ്റി കളക്ഷൻ | 1.00 | ഓഡിറ്റ് ഫീസ് (ചാർട്ടേർഡ് അക്കൗണ്ടന്റ്) | 15525.00 |
| | | മാമ്പഴക്കാലം (കണ്ണൂർ) | 100000.00 |
| | | ലോക്കൽ ഫണ്ട് ഓഡിറ്റ് ചാർജ്ജ് | 158239.00 |
| | | ഓപ്പൺ എയർ ഓഡിറ്റോറിയം | 363000.00 |
| | | റ്റി.ഡി.എസ് | 158194.00 |
| | | ഓഖി | 7622.00 |
| സാലറി ഡിഡക്ഷൻ – കാഷ് ബുക്കിൽ വരവായി എടുത്തത് | 250227.00 | ബാങ്ക് ചാർജ്ജസ് | 1890.60 |
| ഓഖി റിലീഫ് ഫണ്ട് കളക്ഷൻ | 7622.00 | <u>നീക്കിയിരിപ്പ്</u><br><br>ക്യാഷ് (കൈയ്യിരിപ്പ്) | 7865.00 |
| | | ട്രഷറി | 4165781.00 |
| | | ബാങ്ക് 1 | 221422.30 |
| | | ബാങ്ക് 2 | 3741.90 |
| | | സസ്പെൻസ് തുക | 10326.00 |
| ആകെ | 17354988.80 | ആകെ | 17354988.80 |

*1 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ നീക്കിയിരിപ്പ് 935183 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു

*2 2016-17 ഓഡിറ്റ് റിപ്പോർട്ടിലെ നീക്കിയിരിപ്പ് 3741.9എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്